## മുളക്കുളം മാർ യൂഹാനോൻ ഈഹിദോയോ

## ഓർത്തഡോക്സ് വലിയ പള്ളി

മുളക്കുളം മേഖലയിലെ വിവിധ സഭയിൽപെട്ട പള്ളികളുടെ മൂല ദേവാലയം

മുളക്കുളം വടക്കേക്കരയിലും തെക്കേക്കരയിലുമുള്ള വിശ്വാസികളുടെ ആവശ്യപ്രകാരം അവർക്ക് ഒരുമിച്ചുകൂടി പ്രാർത്ഥിക്കുന്നതിനും ആരാധന നടത്തുന്നതിനുമായി അക്കാലത്തെ നാടുവാഴിയായിരുന്ന രാമൻ രാമവർമ്മ അവർകൾ ദാനമായി അനുവദിച്ചുതന്ന സ്ഥലത്ത് 1565 ജൂലൈ മാസം 23-ാം തീയതി സ്ഥാപിതമായതാണ് മുളക്കുളം വലിയ പള്ളി.

ഈ പള്ളി സ്ഥാപിതമാകുന്ന കാലഘട്ടത്തിൽ ഇന്നറിയപ്പെടുന്ന പോലുള്ള വിവിധ ക്രിസ്തീയ സഭകൾ ഇല്ലായിരുന്നു. പിന്നീട് പോർട്ടുഗീസ് ആധിപത്യം നമ്മുടെ നാട്ടിലുണ്ടാവുകയും കാതോലിക്കാ വിശ്വാസം സ്വാധീനം ചെലുത്തുകയും ചെയ്തതോടെ ഇടവക രണ്ടു വിഭാഗമായിത്തീരുകയും കാതോലിക്കാ വിശ്വാസം സ്വീകരിച്ചവർ മുളക്കുളം കാതോലിക്കാ പള്ളി സ്ഥാപിച്ച് പിരിഞ്ഞുപോവുകയും ചെയ്തു.

ഈ പള്ളിയിൽ നിന്നും പിരിഞ്ഞ് പുതിയ ഇടവകയായി തീർന്ന ദേവാലയങ്ങളാണ് മണ്ണുക്കുന്ന് പള്ളി, കർമ്മേൽകുന്ന് പള്ളി, പാറേൽ പള്ളി, കളമ്പൂർ സെന്റ്. ജോർജ്ജ് പള്ളി, കാരിക്കോട് സെന്റ്. മേരീസ് പള്ളി, കൊട്ടാരംകുന്ന് സെന്റ്. മേരീസ് പള്ളി എന്നിവ. 1876-ൽ പരിശുദ്ധ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവ ഈ പള്ളി സന്ദർശിക്കുകയും മാർ യൂഹാന്നോൻ ഈഹിദോയോ എന്ന് ഈ ദേവാലയത്തിന് നാമകരണം ചെയ്യുകയും ചെയ്തു.

സഭയിലെ കക്ഷി വഴക്ക് രൂക്ഷമായതോടുകൂടി ദീർഘനാളുകളായി ഈ ദേവാലയം ആരാധനയില്ലാതെ അടഞ്ഞുകിടക്കുകയാണ്. ഈ ഇടവകയിലെ ഓർത്തഡോക്സ് വിശ്വാസികൾ ഇപ്പോൾ പാലച്ചുവട് കാതോലിക്കേറ്റ് സെന്ററിലാണ് വി. കുർബ്ബാന അർപ്പിച്ചു വരുന്നത്. സഭയിലെ എല്ലാ ആത്മീയ സംഘടനകളും ഇവിടെ സജീവമായി പ്രവർത്തിച്ചുവരുന്നു.

വികാരി : റവ. ഫാ. വർഗീസ് പി. വർഗീസ്